www.gospelinmalayalam.com

## CHAPTER - 1

## DEEPER LIFE IN CHRIST

**Col 1: 1, 2** *ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൌലോസും സഹോദരനായ തിമൊഥെയോസും കൊലൊസ്സ്യയിലുള്ള വിശുദ്ധന്മാരും ക്രിസ്തുവിൽ വിശ്വസ്ത സഹോദരന്മാരുമായവർക്കു എഴുതുന്നതു: നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നു നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.*

Paul Apostle. Paul saw the risen Christ

**1Cor 9: 1** *ഞാൻ സ്വതന്ത്രൻ അല്ലയോ? ഞാൻ അപ്പൊസ്തലൻ അല്ലയോ? നമ്മുടെ കർത്താവായ യേശുവിനെ ഞാൻ കണ്ടിട്ടില്ലയോ? കർത്താവിൽ ഞാൻ ചെയ്ത പ്രവൃത്തികളുടെ ഫലം നിങ്ങൾ അല്ലയോ?*

**1Cor15: 8- 9** *എല്ലാവർക്കും ഒടുവിൽ അകാല പ്രജപോലുള്ള എനിക്കും പ്രത്യക്ഷനായി ; ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിനു യോഗ്യനുമല്ല.*

He possessed miraculous powers

**2Cor 12: 12** *അപ്പൊസ്തലന്റെ ലക്ഷണങ്ങൾ പൂർണ്ണ സഹിഷ്ണതയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും വീര്യപ്രവൃത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെടുന്നുവല്ലോ.*

കൊലോസ്യയിലെ വിശുദ്ധർ

**Eph 1: 1** *ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൌലൊസ് (എഫെസൊസിൽ ഉള്ള) വിശുദ്ധന്മാരും ക്രിസ്തുയേശുവിൽ വിശ്വാസികളുമായവർക്കു എഴുതുന്നതു:*

Holy and faithful brothers in Christ.

Grace and peace. കൃപയും സമാധാനവും

Grace: Charis - Greek Salutation - Luke 1:28 - Greetings

Peace: Shalom - Jewish Salutation

Grace - God's favours. Peace - healthy condition of life.

Timothy - Mostly always with Paul

**2Cor 1:1** *ദൈവേഷ്ടത്താൽ ക്രിസ്തുയേശുവിന്റെ അപ്പൊസ്തലനായ പൌലൊസും സഹോദരനായ തിമൊഥെയൊസും കൊരിന്തിലെ ദൈവസഭെക്കും അഖായയിൽ എല്ലാടത്തുമുള്ള സകല വിശുദ്ധന്മൻമാർക്കും കൂടെ എഴുതുന്നതു:*

**Philip 1: 1** *ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൌലോസും തിമൊഥെയോസും ഫിലിപ്പിയിൽ ക്രിസ്തുവേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നതു:*

**2Thes 1: 1** *പൌലോസും സില്വനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശുക്രിസ്തുവിലുമുള്ള തെസ്സലൊനീക്യസഭെക്കു എഴുതുന്നതു:*

Had a gentile father (Acts 16:1) His mother & grandmother were godly Jews even.

Timothy learned the scriptures from childhood

**2Tim 1: 5** *ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനീക്കയിലും ഉണ്ടായിരുന്നു.*

**2Tim 3: 15** *നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനില്ക്ക.*

**Col 1: 3, 4** Thanks giving (1: 3- 8)

fleettech@gmail.com

www.gospelinmalayalam.com

| | |
|---|---|
| **Col 1: 5** | വി.പൗലൂസിന്റെ സ്ഥിരംശൈലിതന്നെ ഇത്. പൗലൂസിന്റെ പ്രാർത്ഥനയിൽ നന്ദി പ്രകടനം. സകലർക്കുമായി ലഭിച്ച ദൈവകൃപയിൽ ഓരോ സഭകളും കർത്താവിൽ ഉള്ള പ്രത്യാശയിൽ മുന്നേറുന്നത് ദൈവത്തിന്റെ കൃപയാലായതിനാൽ ദൈവത്തിനു തന്നെ സ്തോത്രം അർപ്പിക്കുന്നു. |
| | കൊലോസ്യ സഭയെപ്പറ്റി എപ്പഫ്രാസിൽനിന്നും കേട്ടു. അവർക്കു വിശ്വാസത്തിലുള്ള വളർച്ചയും, അവരുടെ പ്രത്യാശയും പൗലൂസിനെ സന്തോഷവാനാക്കി. അതിനായി സ്ത്രോത്രം അർപ്പിക്കുന്നു. മാത്രമല്ല, സകല വിശുദ്ധന്മാരോടുമുള്ള അവരുടെ സ്നേഹത്തെപ്പറ്റിയും കേട്ടു. അതിൽ സന്തോഷിക്കുന്നു. |
| **Col 1: 3 - 5** | *"സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശനിമിത്തം, ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെയും സകലവിശുദ്ധന്മാരോടും നിങ്ങൾക്കുള്ള സ്നേഹത്തെയുംക്കുറിച്ചു ഞങ്ങൾ കേട്ടിട്ടു നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കയിൽ എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം ചെയ്യുന്നു."* |
| **Col 1: 5** | അതുമല്ല - ഇതൊക്കെയും കേട്ടിട്ട് അവർക്കുവേണ്ടി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു വി.പൗലൂസ് |
| | സന്തോഷിക്കുന്നു - പിതാവിനു സ്തോത്രം കരേറ്റുന്നു. കൊലോസ്യയിലെ ദൈവമക്കൾക്കുവേണ്ടി പ്രാർത്ഥനയിൽ മധ്യസ്ഥത വഹിക്കുന്നു. |
| **Col 1: 3** | സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ നിമിത്തം. |
| | വിശ്വാസം, പ്രത്യാശ, സ്നേഹം ഇത് പൗലൂസിന്റെയും വി.പത്രോസിന്റെയും വളരെ പ്രിയപ്പെട്ട Themes അത്രെ. |
| **1Cor 13: 13** | *ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ.* |
| **1Thes 1: 3** | *നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു.* |
| **1Peter 1: 3** | *നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശെക്കായി,.....* |
| **1Peter 1: 5** | *ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.* |
| **1Peter 1: 22** | *എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചുകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ.* |
| | Faith-(Past) - Soul looking upward to God - Faith rests on the past work of Christ. |
| | Love-(Present) - Love looks outward to others - Love works in the present |
| | Hope-(Future) - Hope looks forward to the future - Hope anticipates the future. |
| | വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. |
| **Heb 11: 6** | *എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ.* |
| | പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല. (Rom 5: 5) എന്നാൽ ഇവയിൽ വലുതോ, സ്നേഹം തന്നെ. |
| **1Cor13: 13** | *ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ.* |

fleettech@gmail.com

www.gospelinmalayalam.com

കൊലോസ്യസഭ സ്നേഹത്തിൽ മുമ്പിൽ ആയിരുന്നു. (Col- 1: 4) സകല വിശുദ്ധന്മാരോടുമുള്ള സ്നേഹം.

**Col- 1: 4** *ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെയും സകലവിശുദ്ധന്മാരോടും നിങ്ങൾക്കുള്ള സ്നേഹത്തെയും കുറിച്ചു ഞങ്ങൾ കേട്ടിട്ടു നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കയിൽ എപ്പോഴും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.*

വിശ്വാസവും, സ്നേഹവും – ഉടലെടുക്കുന്നു – പ്രത്യാശയിൽനിന്നും – ദൈവം ഒരുക്കിവച്ചിരിക്കുന്നതിൽനിന്നും

This confidence led to a greater trust in God and deeper love to others. ഒന്നാം നൂറ്റാണ്ടിൽ ഈ വലിയ പ്രത്യാശ അവരുടെ ഹൃദയങ്ങളിൽ നിറഞ്ഞു നിന്നിരുന്നു.

The Blessed Hope (Titus 2: 13) ഇതു വിശ്വാസികളുടെ പെരുമാറ്റത്തെയും ജീവിതപാതയെത്തന്നെ സ്വാധീനിച്ചിരുന്നു.

**1Thess 4:13- 18** *സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ അങ്ങനെ തന്നേ ദൈവം നിദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവർക്കു മുമ്പാകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.*

**1John 3: 3** *അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു.*

**Col 1: 3** *സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുമ്പു കേട്ടതായി സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശനിമിത്തം,*

സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന – Hope is stored up, laid up for you in heaven. ക്രിസ്തു ഉയർത്ത് സ്വർഗ്ഗത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇന്ന് യേശു നമുക്കായി മധ്യസ്ഥവേല നിർവഹിക്കുന്നു. നമ്മുടെ Hope ന്റെ ഉറവിടം ഇതത്രെ. ഇതത്രെ Gospel.

വി.പൗലൂസ് ഈ ലേഖനത്തിലും എല്ലാ ലേഖനങ്ങളിലും stress ചെയ്തു വിവരിക്കുന്ന സത്യം – word of Truth – ഇതത്രെ. (**Heb 7:25**)

**Heb 7:25** *അതുകൊണ്ടു താൻ മുഖാന്തരമായി ദൈവത്തോടു അടുക്കുന്നവർക്കും വേണ്ടി പക്ഷവാദം ചെയ്‍വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു.*

**1Cor 15: 16- 19** *മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ.*

**Eph 1: 13** *അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു...*

**2Tim 2: 15** *സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്കുക.*

fleettech@gmail.com

www.gospelinmalayalam.com

**Jam 1: 18** *നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിനു അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു.*

**1Cor 15: 1- 3** *എന്നാൽ സഹോദരന്മാരെ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലായ്ക വരികിൻ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു അടക്കപ്പെട്ടു.*

**Rom 10: 9- 10** *യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കുകയും വായികൊണ്ടു രക്ഷെക്കായി ഏറ്റുപറയുകയും ചെയ്യുന്നു.*

**Col 1: 6** *ആ സുവിശേഷം സർവലോകത്തിലും എന്നപോലെ നിങ്ങുടെ അടുക്കലും എത്തി; നിങ്ങൾ ദൈവകൃപയെ യഥാർത്ഥമായി കേട്ടറിഞ്ഞ നാൾമുതൽ നിങ്ങളുടെ ഇടയിൽ എന്നപോലെ സർവ്വലോകത്തിലും ഫലം കായിച്ചും വർദ്ധിച്ചും വരുന്നു.*

Gospel was spreading all over the world.

**Col 1:23** *ആകാശത്തിൻ കീഴെ സകല സൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചും പൌലോസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നിലക്കും.*

സുവിശേഷം സകല മനുഷ്യരോടും പ്രസംഗിക്കപ്പെടുന്നു.

മാത്രമല്ല, അതു ഫലവും ഉളവാക്കുന്നു. വളരുകയും ചെയ്യുന്നു.

Gospel produces spiritual fruit in believers lives.

**Gal 5: 22- 23** *ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.*

Fruit of righteousness.

**Phil 1: 11** *ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചെക്കുമായിട്ടു യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരുമായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു.*

Gospel of Grace : കൃപയുടെ സുവിശേഷം. God's grace in all its truth. ദുരുപദേശം ധാരാളം സ്ഥലങ്ങളിൽ ഉടലെടുക്കാം. (Gospel of grace + Work) ചിലർ പ്രസംഗിക്കും. അതു gospel അല്ല. അതു good news അല്ല. കാരണം പ്രവർത്തിയാൽ രക്ഷിക്കപ്പെടാൻ സാധ്യമല്ല. ദൈവം തന്റെ പുത്രനെ മറുവിലയായി തന്ന് proclaim ചെയ്ത Gospel സൗജന്യമാണ്. അതു കൃപയാൽ മാത്രമത്രെ. ഇതാണ് Universal True Gospel.

**Rom 11: 6** *കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല.*

**Eph 2: 8- 9** *കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു: അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.*

**Titus 3: 5- 7** *അവൻ നമ്മെ നാം ചെയ്ത നീതിപ്രവൃത്തികളാലല്ല, തന്റെ കരുണപ്രകാരമത്രെ രക്ഷിച്ചതു. നാം അവന്റെ കൃപയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായിത്തീരേണ്ടതിനു പുനർജ്ജനനസ്നാനം കൊണ്ടും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടുംതന്നെ.*

**Col 1: 7** *ഇങ്ങനെ നിങ്ങൾ ഞങ്ങളുടെ പ്രിയ സഹഭൃത്യനായ എപ്പഫ്രാസിനോടു പഠിച്ചിട്ടുണ്ടല്ലോ;*

കൊലോസ്യർ ഈ സത്യവചനം- True Gospel -എന്തെന്ന് Epaprasനോടു പഠിച്ചിട്ടുണ്ട്.

fleettech@gmail.com

www.gospelinmalayalam.com

Epapras - the founder of Colosian church

പ്രിയ സഹഭ്രത്യൻ - Dear fellow servant.

ഒരു അപ്പോസ്തലൻ ഒരു സുവിശേഷകനെ വിളിക്കുന്ന വിളി - എത്രയോ മാതൃകാപരം.

ഇതേവിളി തന്നെ. തിഹിക്കോസ് നെയും വി.പോൾ വിളിക്കുന്നു.

**Col 4: 7** *എന്റെ അവസ്ഥ ഒക്കെയും കർത്താവിൽ പ്രിയസഹോദരനും വിശ്വസ്തശുശ്രൂഷകനും സഹഭൃത്യനുമായ തിഹിക്കൊസ് നിങ്ങളോടു അറിയിക്കും*

a faithful minister and fellow servant in the Lord.

**Col 1: 8** *അവൻ നിങ്ങൾക്കു വേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനും നിങ്ങൾക്കു ആത്മാവിനാലുള്ള സ്നേഹം ഞങ്ങളോടു അറിയിച്ചവനും ആകുന്നു.*

He carried the epistle. He brought the love and good news for Colosian to Paul.

**<u>PETITION 1: 9- 14</u>**

**Col 1: 9,10** *അതുകൊണ്ടു ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു.*

എപ്പപ്പാദിത്തോസിൽ നിന്നും കൊലോസ്യ വിശ്വാസികളെപ്പറ്റി കേട്ട നല്ല റിപ്പോർട്ട് വി. പൗലൂസിനെ അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കാനായി ബലപ്പെടുത്തി.

**1Thes 5: 17** *എപ്പോഴും പ്രാർത്ഥിപ്പിൻ.* ഇതല്ലേ നിങ്ങളെക്കുറിച്ചു ദൈവവഹിതം.

വി.പൗലൂസിന്റെ പ്രാർത്ഥനാജീവിതം.

**Acts 20: 31** *അതുകൊണ്ടു ഉണർന്നിരിപ്പിൻ; ഞാൻ മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർ വാർത്തുംകൊണ്ടു ഓരോരുത്തനു ബുദ്ധിപറഞ്ഞു തന്നതു ഓർത്തുകൊൾവിൻ.*

**Eph 1: 16** *നിങ്ങൾക്കുവേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ടു...*

എന്താണ് വി.പൗലൂസ് ദൈവത്തോട് കൊലോസ്യർക്കുവേണ്ടി പ്രാർത്ഥിച്ചത്?

**a)** Fill them with knowledge of His will - അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ടു നിറയണം. Fill of knowledge.

ജഢികമായ ഒരു മനസ്സിന് ദൈവത്തിന്റെ ഇഷ്ടത്തിൽ പരിജ്ഞാനം പ്രാപിക്കുക പ്രയാസം തന്നെ. A fleshly mind can never achieve this fullness of knowledge.

**1Cor 8: 1** *അറിവു ചീർപ്പിക്കുന്നു. സ്നേഹമോ ആത്മികവർദ്ധന വരുത്തുന്നു.*

**lCor 2: 5- 6, 13** *എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രെ ആയിരുന്നതു. എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല.*

പരിശുദ്ധാത്മാവിന്റെ ശക്തി, ആത്മാവു ഉപദേശിക്കുന്ന വചനങ്ങൾ.

God's will, revealed in the Bible, is made known to believers by the Holy Spirit's teaching ministry.

വി.പൗലൂസ് ഇതിലൂടെ വിവരിക്കുന്നു - 'Through all spiritual wisdom and understanding. ആത്മികമായ ജ്ഞാനത്തിലും വിവേകത്തിലും.

Sophia - ജ്ഞാനം : Col- 1: 9, 28, 2: 3, 23, 3: 16, 4: 5 (six times in Colossian)

Understanding - വിവേകം - clear analysis and decision making in applying this knowledge to various problems.

ഈ സ്ഥാനത്ത് false Teaching കൊടുത്തത് : - ജ്ഞാനത്തിന്റെ പേരുമാത്രം.

fleettech@gmail.com

www.gospelinmalayalam.com

(an appearance of wisdom) Col- 2: 23)

എന്നാൽ പൂർണ്ണമായ ആത്മികജ്ഞാനം : - Stabilising & Liberalising.

**Eph 4: 14** *അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ....*

ശിശുക്കൾ ആകാതെ കാറ്റിനാൽ വലയുന്നവരാകാതെ...

Knowledge & Understanding : - ജ്ഞാനവും വിവേകവും - വേദപുസ്തകത്തിൽ പരസ്പരം ബന്ധിക്കപ്പെട്ട വിഷയം.

**Exo 31: 3** *അവൻ കൗശലപ്പണികളെ സങ്കല്പിച്ചു ചെയ്‌വാനും പൊന്നു, വെള്ളി, താമ്രം എന്നിവ കൊണ്ടു പണി ചെയ്‌വാനും...*

**Deut 4: 6** *അവയെ പ്രമാണിച്ചു നടപ്പിൻ; ഇതു തന്നെയല്ലോ ജാതികളുടെ ദൃഷ്ടിയിൽ നിങ്ങളുടെ ജ്ഞാനവും വിവേകവും ആയിരിക്കുന്നതു. അവർ ഈ കല്പനകളൊക്കെയും കേട്ടിട്ടു: ഈ ശ്രേഷ്ഠജാതി ജ്ഞാനവും വിവേകവും ഉള്ള ജനം തന്നേ എന്നു പറയും.*

**Isa 11: 2** *അവന്റെമേൽ യഹോവയുടെ ആത്മാവു ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റേയും ആത്മാവു ആലോചനയുടേയും ബലത്തിന്റെയും ആത്മാവു, പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടെയും ആത്മാവു തന്നേ.*

**1Cor 1: 19** *ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും.*

**Prov 1: 7** *യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; ഭോഷന്മാരോ ജ്ഞാനവും പ്രബോധനവും നിരസിക്കുന്നു.*

**Prov 9: 10** *യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു.*

What result expected from Colosians:

കർത്താവിനു യോഗ്യമാംവണ്ണം നടക്കണം. Live a life worthy of the Lord.

**Eph 4: 1** *അവകാശി സർവ്വത്തിനും യജമാനൻ എങ്കിലും ശിശുവായിരിക്കുന്നേടത്തോളം ദാസനേക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല.*

**1Thes 2: 12** *ഞങ്ങൾ നിങ്ങളിൽ ഓരോരുത്തനെ അപ്പൻ മക്കളെ എന്നപോലെ പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും സാക്ഷ്യം പറഞ്ഞും പോന്നു എന്നു നിങ്ങൾക്കു അറിയാമല്ലോ.*

**1Pet 1: 15** *നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ.*

വിശ്വാസികൾ ഏതു level പ്രാപിക്കണം. Christ likeness.

നമ്മുടെ ലക്ഷ്യം കർത്താവിനെ പ്രസാദിപ്പിക്കുക എന്നത് ആയിരിക്കണം.

**Eph 5: 10** *സകല സല്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം.*

മനുഷ്യരെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യം ഉള്ളവർ, കർത്താവിനെ പ്രസാദിപ്പിക്കാൻ കഴിയില്ല.

**Gal 1: 10** *ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.*

**Eph 6: 6** *മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവയാൽ അല്ല, ക്രിസ്തുവിന്റെ ദാസന്മാരെപ്പോലെ ദൈവേഷ്ടം മനസ്സോടെ ചെയ്തു....*

**Col 3: 22** *ദാസന്മാരെ, ജഡപ്രകാരമുള്ള യജമാന്മാരെ സകലത്തിലും അനുസരിപ്പിൻ; മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെ ദൃഷ്ടിസേവകളാലല്ല കർത്താവിനെ ഭയപ്പെട്ടുകൊണ്ടു*

fleettech@gmail.com

*ഹൃദയത്തിന്റെ ഏകാഗ്രതയോടെ അത്രെ അനുസരിക്കേണ്ടതു.*

**1Thess 2: 4** *ഞങ്ങളെ സുവിശേഷം ഭരമേല്പിക്കേണ്ടതിനു ഞങ്ങൾ ദൈവത്തിനു കൊള്ളാകുന്ന വരായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെ അല്ല ഞങ്ങളുടെ ഹൃദയം ശോധന ചെയ്യുന്ന ദൈവത്തെ അത്രെ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കുന്നതു.*

വി.പൗലൂസ് തന്റെ ജീവിതലക്ഷ്യം തന്നെ കണ്ടത് - കർത്താവിനു പ്രസാദകരമായി ജീവിക്കുക എന്നതിന്.

**2Cor 5: 9** *അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു*

കർത്താവിനു പ്രസാദകരമായ ജീവിതം - അതിന്റെ Result എന്തൊക്കെ.

1. Bearing Fruit — സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച്
2. Growing — ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണം
3. Being strengthened — ബലപ്പെടണം (Col- 1: 11)
4. Giving Thanks — സ്തോത്രം കരേറ്റണം (Col- 1: 12)

**Col 1: 11** *സകല സഹിഷ്ണുതെക്കും ദീർഘക്ഷമെക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന്നു ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണമെന്നും*

Spiritual strength - Being strengthened with all power according to His glorious might.

അവന്റെ മഹത്വത്തിന്റെ വല്ലഭത്തിന് ഒത്തവണ്ണം പൂർണ്ണ ശക്തിയോടെ ബലപ്പെടണം.

This will produce two things in our life (a) great endurance = സഹിഷ്ണത

**James 1: 3** *നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ.*

**James 5: 11** *സഹിഷ്ണത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. യോബിന്റെ സഹിഷ്ണത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു; കർത്താവു മഹാ കരുണയും മനസ്സലിവുമുള്ളവനല്ലോ.*

Patience - ദീർഘക്ഷമ 1Cor 13- 4 (gentleness and calm sweetness)

Endurance & Patience are often connected.

**2Cor 6: 4, 6** *ഞങ്ങളെത്തന്നേ ദൈവത്തിന്റെ ശുശ്രൂഷകന്മാരായി കാണിക്കുന്നു.*

*ദീർഘക്ഷമ, ദയ, പരിശുദ്ധാത്മാവു, നിർവ്യാജസ്നേഹം, സത്യവചനം, ദൈവശക്തി*

**2Tim 3: 10** *നീയോ എന്റെ ഉപദേശം, നടപ്പു, ഉദ്ദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണത എന്നിവയും...*

**James 5: 10** *കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമെക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ.*

Endurance - Not easily secumbing under suffering - കഷ്ടതയിൽ പതറരുത്.

Patience - Long suffering. Long temper Co- 3: 12

Self restraint which does not hastly retaliate. (Prov 15:18, 16:32)

ഈ qualities ഒക്കെയും ഏതു level ൽ നാം പ്രാപിക്കണം. ക്രിസ്തുവിന്റെ മഹത്വത്തിന്റെ വല്ലഭത്തിന് ഒത്തവണ്ണം. According to God's glorious might.

**Col 1: 12- 13** *വിശുദ്ധന്മാർക്കും വെളിച്ചത്തിലുള്ള അവകാശത്തിന്നായി നമ്മെ പ്രാപ്തന്മാരാക്കുകയും നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു.*

fleettech@gmail.com

www.gospelinmalayalam.com

പല്ലുകടിച്ച് suffer ചെയ്യുന്നവരായിട്ടല്ല. പിതാവിനു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവർ ആകണം.

Giving Thanks - Thankfulness - ആത്മികജീവിതത്തിന്റെ ഒരു വലിയ 'ഉരകല്ല്' ആണിത്.

നമ്മുടെ ഹൃദയം നന്ദിയും സ്തോത്രവുംകൊണ്ട് നിറയപ്പെടണം. Be full of thanks

**1Thess 5: 18** *എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ചു ക്രിസ്തുയേശുവിൽ ദൈവേഷ്ടം.*

Give thanks in all circumstance

**Phil 4: 6** *ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രെ വേണ്ടതു.*

**Col 3:15-17, 4:2** *അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു.*

*പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ.*

Paul encourage believer to be grateful.

Joyfulness is also fruit of spirit

**Gal 5: 22** *ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം;*

ഈ സന്തോഷം എവിടെനിന്ന്? From the Gospel.

**Isa 29: 19** *സൗമ്യതയുള്ളവർക്കു യഹോവയിൽ സന്തോഷം വർദ്ധിക്കയും മനുഷ്യരിൽ സാധുക്കളായവർ യിസ്രായേലിന്റെ പരിശുദ്ധനിൽ ആനന്ദിക്കുകയും ചെയ്യും.*

**John 16: 20** *ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകമോ സന്തോഷിക്കും; നിങ്ങൾ ദുഃഖിക്കും.*

**Acts 13: 52** *ശിഷ്യന്മാർ സന്തോഷവും പരിശുദ്ധാത്മാവും നിറഞ്ഞവരായിത്തീർന്നു.*

ഇവിടെ വി.പൗലൂസ് നമ്മെ ഓർപ്പിക്കുന്നു. Be thankful because God has qualified you. God Made you competent.

**2Cor 3: 6** *അവൻ ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രെ. അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു.*

to share in the inheritance of the saints.

**Eph 1: 7** *അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.*

The Kingdom share that belong to believers.

വിശ്വാസികളായ നാം ഈ അനുഗ്രഹത്തിനും ഈ സമ്പത്തിനും അർഹരല്ലായിരുന്നു. എന്നാൽ ദൈവം നമ്മെ "വിശുദ്ധന്മാരുടെ അവകാശത്തിന്" അർഹരാക്കി തീർത്തു.

Inheritance - Inheritance of His Holy people. വിശുദ്ധന്മാർക്കായി ദൈവം ഒരുക്കിയിട്ടുള്ള അവകാശം.

**Joshu 14: 2** യോശുവയിലൂടെ എപ്രകാരം കനാൻ യിസ്രായേൽജനത്തിന് അവകാശമായി കൊടുത്തുവോ അതുപോലെ തന്നെ.

fleettech@gmail.com

www.gospelinmalayalam.com

വെളിച്ചത്തിലുള്ള അവകാശം - Inheritance .... in the Light.

**2Cor 4: 6** *ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.*

**1Pet 2: 9** *കർത്താവു ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിനമോഹംകൊണ്ടു ജഡത്തെ അനുസരിച്ചു നടക്കയും കർത്തൃത്വത്തെ നിന്ദിക്കുകയും ചെയ്യുന്നവരെ തന്നേ..*

വെളിച്ചം - അന്ധകാരത്തിൽനിന്നും വെളിച്ചത്തിലുള്ള അവകാശത്തിലേക്ക്.

From Dominion of darkness in to marvelous light - അത്ഭുത പ്രകാശത്തിലേക്ക്

**Luke 22: 53** *അതു ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വെച്ചിട്ടില്ലാത്തതുമായ കല്ലറയിൽ വെച്ചു.*

**Acts 26: 18** *അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു.*

**Eph 6: 12** *നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.*

ഈ അന്ധകാരത്തിന്റെ ബന്ധനത്തിൽനിന്നും, യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം പ്രകാശത്തിലേക്കു നടത്തപ്പെട്ടു.

From Rebel Kingdom - rescued and brought to the sovereignty of rightful King.

തന്റെ തേജസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ ആക്കിവച്ചു.

**1John 4: 8, 16** *സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല.*

*ഇങ്ങനെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു.*

**Col 1: 14** *അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.*

പാപമോചനം

വീണ്ടെടുപ്പ് - അവന്റെ രക്തത്താൽ

**Eph 1: 7** *അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ടു.*

**Mark 10: 45** *മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു.*

**Col 1: 15- 20** *അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിന്നു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു. അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ*

fleettech@gmail.com

www.gospelinmalayalam.com

*സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിന്നു പ്രസാദം തോന്നി.*

Exaltation of Christ = Exaltation & Pre-eminence of Christ

കർത്താവായ യേശുക്രിസ്തു സകലത്തിനും മുമ്പൻ. അവൻ സകലത്തിന്റെയും അധിപതി. 7 കാര്യങ്ങൾ ഈ വാക്യങ്ങളിൽ വിവരിക്കുന്നു.

**1.** Image of God

**2.** First born over creation

**3.** Creator of Universe

**4.** Head of the Church

**5.** First born from the dead

**6.** Fullness of God

**7.** Reconciler of all things.

(ഇത്രയും qualifications ഒന്നിച്ചു വേറൊരു വേദഭാഗത്തും കാണുന്നില്ല.)

**Col 1: 15** *അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു;*

**(1)** Christ is the image of invisible God. അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമ.

**2Cor 4: 4** *ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി.*

Image - representation & Manifestation.

ഒരു coin ൽ കാണുന്ന ഭരണാധികാരിയുടെ image പോലെ. Christ ദൈവത്തിന്റെ യഥാർത്ഥ representation തന്നെ.

**Heb 1: 3** *തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും.*

**John 14: 9** *യേശു അവനോടു പറഞ്ഞതു: ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പൊസേ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നു നീ പറയുന്നതു എങ്ങനെ?*

Christ is the visible manifestation of invisible God.

**John 1: 18** *ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു.*

**1Tim. 1: 17** *നിത്യരാജാവായി അക്ഷയനും അദൃശ്യനുമായ ഏക ദൈവത്തിനു എന്നെന്നേക്കും ബഹുമാനവും മഹത്വവും. ആമേൻ.*

God is invisible. But Christ is the visible representation (perfect) of that God.

[പ്രതിമ - ഈ വാക്ക് വേറെ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. പ്രതിമ എന്നു പറയുമ്പോൾ നിശ്ചലമായ ഒരു വസ്തുവായി തോന്നാം. പൂർണ്ണമായി അതു original വസ്തുവിനെ വെളിപ്പെടുത്തണമെന്നില്ല. 1Cor 11: 7- പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ മൂടുപടം ഇടേണ്ടതല്ല. (ഇവിടെ ഉപയോഗിച്ചിരിക്കുന്ന അർത്ഥം. Different.]

**Phil 2: 6- 7** *അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു.*

fleettech@gmail.com

www.gospelinmalayalam.com

മനുഷ്യസദൃശ്യത്തിലായി

Christ's supremacy is first shown in His relationship with God the Father. Then Christ is the perfect resemblance and representation of God in this earth.

(2) ക്രിസ്തുവിന്റെ Supremacy സൃഷ്ടിയുമായുള്ള ബന്ധത്തിൽ, കാണിക്കുകയാണ് അടുത്തതായി. He is the first born over all creation.

ന്യായമായിട്ടും ഒരു ചോദ്യം ഇവിടെയുണ്ട്. Is he a created being? Ans. No.

'first born' is not part of creation. If He created all things, he cannot create himself. (Jehova witness teaching: Jesus was first created and He created other things. This is not correct. "other" this word is not in Greek.)

**Heb 1: 6** *ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ: "ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം."*

ആദ്യജാതൻ - receives worship. A cretaed being cannot receive worship.

**Exo 20: 4- 5** *ഒരു വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു. അവയെ നമസ്ക്കരിക്കയോ സേവിക്കുകയോ ചെയ്യരുതു. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കും.*

First born - First created. Greek ഭാഷയിൽ രണ്ടും വ്യത്യസ്തമായ വാക്കുകളത്രെ.

Jesus is first born not first created.

സർവ്വസൃഷ്ടിക്കും ആദ്യജാതൻ First born over all creation.

**a.** He preceded the whole creation.

**b.** He is sovereign over all creation

(privilege of first born in Israel Ex 13: 2- 15, Duet 21:17)

**Duet 21: 17** *തനിക്കുള്ള സകലത്തിലും രണ്ടു പങ്കു അനിഷ്ടയുടെ മകനു കൊടുത്തു അവനെ ആദ്യജാതനെന്നു സ്വീകരിക്കേണം; അവൻ അവന്റെ ബലത്തിന്റെ ആരംഭമല്ലോ; ജ്യേഷ്ഠാവകാശം അവനുള്ളതാകുന്നു.*

**Rev 1: 5** *ഏഴു ആത്മാക്കളുടെ പക്കൽനിന്നും വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.*

ഞാൻ ആദ്യൻ = absolutely first

**Ps 89: 27** *ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനുമാക്കും.*

First born also mean - sovereignty. സകലത്തിന്റെയും അധിപതി.

**Rev 1: 5** *വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.*

**Col 1: 18** *അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽനിന്നു ആദ്യനായി എഴുന്നേറ്റവനും ആകുന്നു.*

**a.** Christ's priority overall creation

**b.** Christ's sovereignty over all creation

**Col 1: 16- 17** *സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും*

fleettech@gmail.com

www.gospelinmalayalam.com

| | |
|---|---|
| | *അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെ ഉള്ളവൻ. അവൻ സകലത്തിനും ആധാരമായിരിക്കുന്നു.* |
| **(3)** | **By him all things were created** |
| **John 1: 3** | *സകലവും അവൻ മുഖാന്തരം ഉളവായി.* |
| **Heb 1: 2** | *ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു.* |
| | അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. |
| | Father is the ultimate source (efficient cause) |
| | Son is the Mediatory cause |
| | Son was the master workman of creation |
| | The beginning of the creation of God (Rev- 3: 14) |
| | ദൈവസൃഷ്ടിയുടെ ആരംഭമായ ആമ്മേൻ. |
| **Rev- 3: 14** | *ലവൊദിക്ക്യയിലെ സഭയുടെ ദൂതന്നു എഴുതുക: വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നതു:* |
| | അവന്റെ സൃഷ്ടി - സ്വർഗ്ഗത്തിലും ഭൂമിയിലും, ദൃശ്യവും അദൃശ്യവുമായ സകലതും. |
| | All universe - material & immaterial - hierarchy of Angelic beings |
| | Thrones, powers or ruler or authority. |
| | A highly organised spirit world. |
| | കൊലൊസ്യയിലെ ഒരു പ്രധാന വിഷയം അതായിരുന്നു. worship of angels. |
| | But Christ is above all. |
| **Col 2: 10** | *എല്ലാവാഴ്ചെക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.* |
| **Eph 1: 21** | *സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ചു..* |
| **Eph 3: 10** | *അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം* |
| **Eph 6: 12** | *നമുക്കു ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.* |
| **Phil 2: 9- 10** | *അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും...* |
| **Col 2: 10** | *എല്ലാ വാഴ്ചെക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.* |
| **Col 2: 15** | *വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി.* |
| **(4)** | **<u>Christ - Head of the Church</u>** |
| | സഭയുടെ ശിരസ് കർത്താവായ യേശുക്രിസ്തു. |

fleettech@gmail.com

www.gospelinmalayalam.com

**Eph 1: 22- 23** *അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു.*

**Eph 5: 23** *ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭെക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യെക്കു തലയാകുന്നു.*

The invisible universal church is to which all believers are baptized by the Holy Spirit. The moment they believe in Christ. (1Cor 12:13)

**1Cor 12: 13** *യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകമാറു ഒരേ ആത്മാവിൽ സ്നാനമേറ്റു എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.*

This work began on the day of Pentacost.

**Acts 1: 5** *യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു.*

**Acts 2: 1- 2** *പെന്തെകൊസ്തനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു.*

**Acts 11: 15,16** *ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവു ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെമേലും വന്നു. അപ്പോൾ ഞാൻ : യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കർത്താവു പറഞ്ഞ വാക്കു ഓർത്തു.*

Church was a mystery.

**Eph 3: 4- 5** *നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്കു ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പോസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്കു അറിയായിരുന്നില്ല.*

**Rom 16: 25- 26** *പ്രവാചകന്മാരുടെ എഴുത്തുകളാൽ അറിയിച്ചിരിക്കുന്നതുമായ മർമ്മത്തിന്റെ വെളിപ്പാടിനു അനുസരണമായുള്ള എന്റെ സുവിശേഷത്തിനും യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിനും ഒത്തവണ്ണം നിങ്ങളെ സ്ഥിരപ്പെടുത്താൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിനു യേശുക്രിസ്തു മുഖാന്തരം എന്നെന്നേക്കും മഹത്വം ഉണ്ടാകുമാറാകട്ടെ.*

**Col 1: 26** *അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കു വെളിപ്പെട്ടിരിക്കുന്നു.*

## (5) <u>Christ is the beginning - The first born from Dead.</u>

**1Cor 15: 20** *എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു.*

**Rev 1: 5** *വിശ്വസ്തസാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്കു അധിപതിയും ആയ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.*

Triumph over death

**Heb 2: 14** *മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു.*

**1John 3: 8** *പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി.*

fleettech@gmail.com

www.gospelinmalayalam.com

First fruit of those who die

**1Cor 15: 20** *എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു.*

He was resurrected never to die

**Rom 1: 4** *നമ്മുടെ പിതാവായ ദൈവത്തിങ്കൽനിന്നും കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ.*

Indestructible life

**Heb 7: 16** *പുരോഹിതൻ മല്ക്കീസേദെക്കിനു സദൃശനായി ഉദിക്കുന്നു എങ്കിൽ അതു ഏറ്റവും അധികം തെളിയുന്നു*

In everything he has the supremacy.

He is pre-eminent.

**John 1: 1** *ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു;*

The eternal Logos (word) became flesh.

**Joh 1: 14** *വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.*

He humbled himself.

**Phil 2: 8** *മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണ യുള്ളവനായിത്തീർന്നു.*

Now exalted to the highest place.

Now he has been given the name above all names.

**Phil 2: 9** *അതുകൊണ്ടു ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി.*

**(6)** **Col 1: 19** അവനിൽ സർവ്വസമ്പൂർണ്ണതയും വസിച്ചു. (Fullness of God dwells in Him)

**Col 2: 9** *അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്.*

**Col 1: 19,20** *അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിന്നു പ്രസാദം തോന്നി.*

നമ്മുടെ കർത്താവിന്റെ Deity അഥവാ ദൈവത്വത്തെ വിവരിക്കുന്ന ശക്തിയേറിയ വാക്യം.

**Heb1: 8** പുത്രനോടോ "ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളത്.

സമ്പൂർണ്ണത - Fullness എന്തിന്റെയെല്ലാം Fullness നമ്മുടെ കർത്താവിലുണ്ട്. ദൈവ ത്തിന്റെ സർവ്വസമ്പൂർണ്ണതയും. (God's being, Time, Grace)

ഈ സമ്പൂർണ്ണത നമ്മുടെ കർത്താവിൽ വസിക്കുന്നു. It dwells in Him permanently. Lastingly.

**(7)** Col 1: 20 Jesus Christ is the reconciler. ക്രിസ്തുവിൽ സകലത്തെയും തന്നോടു നിര പ്പിക്കുവാൻ)

യേശുക്രിസ്തുവിന്റെ ശുശ്രൂഷ Reconcillation ആയിരുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമി യിലുള്ളതും തന്നിലേക്കു നിരപ്പിക്കുവാൻ.

fleettech@gmail.com

www.gospelinmalayalam.com

## RESTORING OF NATURE

**Rom 8: 19- 20** *സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ വായെയ്ക്കു കീഴ്പ്പെട്ടിരിക്കുന്നു.*

**Rom 8: 22** *സർവ്വസൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ.*

പ്രകൃതി വിടുതലിനായി കാത്തിരിക്കുന്നു. പ്രകൃതി കേഴുന്നു. They avail the day of Reconciliation.

## RESTORING SINNERS

Reconciliation of sinners

**Rom 5: 10** *ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും.*

**2Cor 5: 19** *ദൈവം ലോകത്തിൽ ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചും ഇരിക്കുന്നു.*

ക്രിസ്തുവിന്റെ യാഗം - ലോകത്തെ ദൈവത്തോടു നിരപ്പിപ്പാൻ കാരണമായിത്തീർന്നു.

To make peace through His blood - means - To cause God's enemies to become, by faith, His friends and His children.

Man was in rebellion with God - God made the Reconciliation possible for man to come back to Him.

## RECONCILIATION BY CHRIST 1: 21- 23

**Col 1: 21,22** *മുമ്പെ ദുഷ്പ്രവൃത്തികളാൽ മനസ്സുകൊണ്ടു അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.*

നമ്മുടെ മുമ്പിലത്തെ അനുഭവം എന്തായിരുന്നു - മനസ്സുകൊണ്ട് ദൈവത്തിൽനിന്നും അകന്നവർ മാത്രമല്ല അതിന്റെ ഫലമായി ഉളവായിരുന്ന പ്രവൃത്തിയും അവരെ ദൈവത്തിൽ നിന്നും അകറ്റി ശത്രുക്കളാക്കിത്തീർത്തു.

നമ്മെ നിഷ്കളങ്കരായി, കുറ്റം ഇല്ലാത്തവരായി നിർത്തേണ്ടതിന് - തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു.

'യേശുക്രിസ്തു ജഡത്തിൽ വന്നു' എന്ന് നാം വിശ്വസിക്കുന്നു. നാം അതു ഏറ്റു പറയുന്നു.

**1John 4: 2** *ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ.*

യേശുക്രിസ്തു ജഡത്തിൽവന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. ഇതിനെതിരായി പലരും കൊലോസ്യയിൽ രംഗത്തു വന്നിരുന്നു. 'Gnostic tendency'

മനുഷ്യന്റെ ദൈവത്തോടുള്ള നിരപ്പിന് യേശുക്രിസ്തു ജഡത്തിൽ വരേണ്ടത് ആവശ്യമായിരുന്നു. മാത്രമല്ല അവന്റെ ജഡത്തിലുള്ള മരണം - യാഗം - ആവശ്യമായിരുന്നു.

**Heb 9: 22** *ന്യായപ്രമാണപ്രകാരം ഏകദേശം സകലവും രക്തത്താൽ ശുദ്ധീകരിക്കപ്പെടുന്നു; രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല.*

There is no redemption without shedding blood. No forgiveness.

fleettech@gmail.com

www.gospelinmalayalam.com

**1Tim 2: 5** *ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ.*

എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ.

Christ real physical body and death were necessary for Man's Salvation.

**Rom 7: 4** *അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിനു ഫലം കായ്ക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിനു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു.*

**Heb 10: 10** *ആ ഇഷ്ടത്തിൽ നാം യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു.*

ക്രിസ്തുവിന്റെ മരണത്തിന്റെ purpose നമ്മെ നിഷ്കളങ്കരായി നിർത്തേണ്ടതിന്.

**Col 1: 23** *ആകാശത്തിൻ കീഴെ സകല സൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചും പൌലോസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നു നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ അങ്ങനെ അവന്റെ മുമ്പിൽ നില്ക്കും.*

This reconciliation in Christ comes only by an abiding faith. If you continue in your faith വിശ്വാസത്തിൽ നിലനിന്നുകൊണ്ടാൽ. ഇതു എല്ലാ വിശ്വാസികൾക്കുമുള്ള ദൂതാണ്. നാം നിലനിൽക്കണം. മാത്രമല്ല

**1Cor 15: 58** *'നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ.*

നാം കേൾപ്പാൻ ഇടയായ ഈ സുവിശേഷം "ആകാശത്തിൻകീഴെ, സകലസൃഷ്ടികളുടെയും" ഇടയിൽ ഇന്നു ഘോഷിക്കപ്പെടുന്നു. St. Paul ഇതെഴുതുമ്പോൾ അത് ഏതാനും കുറച്ചു ഇടങ്ങളിൽ മാത്രമെ ഘോഷിച്ചിരുന്നുള്ളു. എന്നാൽ ഇന്ന് ലോകം എമ്പാടും ഈ സുവിശേഷം ഘോഷിക്കപ്പെടുന്നു.

ഈ സുവിശേഷം മാത്രമെ ലോകത്തിനു പ്രത്യാശ നൽകുന്നതായി ഉള്ളൂ.

Hope of mankind - Hope of this plan

Hope of every man - Is this gospel ഈ ജീവന്റെ സുവിശേഷം.

**REVELATION OF THE MISTERY OF CHRIST**

**Col 1: 24** *ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള കഷ്ടാനുഭവങ്ങളിൽ സന്തോഷിച്ചു ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായുള്ളതു എന്റെ ജഡത്തിൽ സഭയായ അവന്റെ ശരീരത്തിന്നുവേണ്ടി പൂരിപ്പിക്കുന്നു.*

യഹൂദനെയും ജാതിയെയും ഒന്നിച്ചുചേർത്ത് തന്റെ ശരീരമാകുന്ന സഭയോട് കർത്താവ് ചേർത്തു. ഇതൊരു വലിയ രഹസ്യമായിരുന്നു. അപ്പസ്തലനായ പൗലൂസിന് ദൈവം ഈ mystery വെളിപ്പെടുത്തിക്കൊടുത്തു.

ഇതു സാധ്യമാക്കിത്തീർത്തത് - യേശുവിന്റെ ക്രൂശുമരണത്താൽ - ഇന്നു മാത്രമല്ല ലോകവസാനംവരെയും മനുഷ്യർക്ക് രക്ഷിക്കപ്പെടുവാനായി claim ചെയ്യാനൊന്നു മാത്രമെയുള്ളൂ. The crucifixion of Christ. The eternal sacrifice and the sacrificial blood of lamb. യേശു ഒരിക്കലായി കഷ്ടം അനുഭവിച്ചു.

അതേസമയം ഈ ശരീരമായ സഭയ്ക്കുണ്ടാകുന്ന ഓരോ persecution നും സഭയുടെ കർത്താവായ നമ്മുടെ യേശുക്രിസ്തുവിന് ദുഃഖവും വേദനയും ഉളവാക്കുന്നു.

**Acts 9: 4** *ശൗലെ ശൗലെ നീയെന്നെ ഉപദ്രവിക്കുന്നതെന്ത്?*

When church is affected, He is affected. ഈ നമ്മുടെ കർത്താവിന്റെ കഷ്ടതയുടെ

fleettech@gmail.com

ഒരു share വി.പൗലൂസ് തന്റെ ജഡത്താലുള്ള കഷ്ടങ്ങളിലൂടെ share ചെയ്യുവാനായി വാഞ്ചിക്കുന്നു.

**Col1: 25, 26** *നിങ്ങൾക്കു വേണ്ടി ദൈവം എനിക്കു നല്കിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിന്നു ഞാൻ സഭയുടെ ശുശ്രൂഷകൻ ആയിരിക്കുന്നു. അതു പൂർവ്വകാലങ്ങൾക്കും തലമുറകൾക്കും മറഞ്ഞുകിടന്ന മർമ്മം എങ്കിലും ഇപ്പോൾ അവന്റെ വിശുദ്ധന്മാർക്കും വെളിപ്പെട്ടിരിക്കുന്നു.*

സുവിശേഷം - This is a mistery hidden in the past - concealed in the Old Testament. The church was unknown in the Old Testament. Kept hidden for "ages and generations".

ഇപ്പോൾ അതു വിശുദ്ധന്മാർക്കു വെളിപ്പെടുത്തികൊടുത്തിരിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിന്റെ ഫലമാണ് 'സുവിശേഷം.'

അതിനാൽ Old Testament അതു reveal ചെയ്തിട്ടില്ല. യേശുക്രിസ്തു തന്നെ തന്റെ പരസ്യശുശ്രൂഷയിൽ അതിനെ 'Future' event ആയിട്ടാണ് പറഞ്ഞത്.

**Mat: 16:18** *നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.*

**Mat: 16:20** *പിന്നെ താൻ ക്രിസ്തു ആകുന്നു എന്നു ആരോടും പറയാതിരിപ്പാൻ ശിഷ്യന്മാരോടു കല്പിച്ചു.*

The time was yet to come to reveal the - Gospel to the world.

സഭയുടെ ആരംഭം കുറിച്ചത് പരിശുദ്ധാത്മാവിന്റെ വ്യാപാരത്തോടെയത്രെ.

പെന്തക്കോസ്തുനാളിൽ.

**Acts 1: 5** *യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു.*

**Acts 2: 1** *പെന്തെകൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചുകൂടിയിരുന്നു.*

പൗലൂസിനു ഈ 'church' ന്റെ existence മനസിലായത് Acts 9: 4 ൽ.

The mistery of salvation. സുവിശേഷത്തിന്റെ ഈ മർമ്മം. ഈ രഹസ്യം ജാതികൾക്കും രക്ഷയുണ്ട് എന്നുള്ളതു മാത്രമല്ല. യഹൂദനും - ജാതിയും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നതായിരുന്നു

**Eph 3: 6** *അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നേ.*

സുവിശേഷത്താൽ ജാതികൾ കൂട്ടവകാശികൾ - ഏകശരീരസ്ഥർ ആയിത്തീർന്നു. ഇതാണ് Mystery. ഇതാണ് മറഞ്ഞിരുന്ന രഹസ്യം.

**Eph 2: 12- 14** *അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു. അവൻ നമ്മുടെ സമാധാനം. അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി..*

വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു. സമാധാനം ഉണ്ടാക്കി. ഇരുപക്ഷത്തെയും ഒന്നാക്കി. ശത്രുത്വം നീക്കി.

fleettech@gmail.com

www.gospelinmalayalam.com

**Eph 2: 15** *സമാധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും....*

ഒരേ പുതു മനുഷ്യനായി സൃഷ്ടിച്ചു.

പഴയനിയമകാലത്ത് ഒരാൾക്ക് യഹൂദൻ ആകാൻ കഴിയുമായിരുന്നു. But he was considered inferior to others. എന്നാൽ സുവിശേഷം - യാതൊരു വ്യത്യാസത്തിനും ഇട നൽകുന്നില്ല.

**Gal 3: 28** *അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രെ.*

യഹൂദനെന്നോ യവനെന്നോ വ്യത്യാസമില്ല.

പരിശുദ്ധാത്മസ്നാനത്താൽ യഹൂദനും യവനനും ഹിന്ദുവും ഒരുപോലെ ഒരേ ശരീരത്തിൽ അതായത് ക്രിസ്തുവിൻ ശരീരമായ ദൈവസഭയുടെ അംഗങ്ങളായിത്തീർന്നു.

ഈ mystery ഇന്നു നമുക്കേവർക്കും ഒരുപോലെ reveal ചെയ്യപ്പെട്ടിരിക്കുന്നു. It is no more a mystery. - It is a reality - a fact, എന്നാൽ ഇതിന്റെ opposite ആയിരുന്നു Greek / Stoic/Epicurian philosphy. അതു 'concealed' ആണ്. Secret teaching known only to an exclusive group. The Masses does not know it. It is hidden from them.

ബാബിലോണിയൻ മതവും അങ്ങനെതന്നെ. വെളിപ്പാടു പുസ്തകത്തിൽ ഇതിന്റെ സൂചനയുണ്ട്. മർമ്മം - മഹതിയാം ബാബിലോൺ - Mystery Babylon the Great.

കൊലോസ്യയിൻ 'Stoic' തത്വജ്ഞാനികളെന്ന് അഭിമാനിക്കുന്നവർ തങ്ങളുടെ Theoryയുമായി അനേകരെ തെറ്റിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്തത്രെ ഈ ലേഖനം എഴുതിയത്.

അതുകൊണ്ടാണ് 'God in His Fullness' നമ്മുടെ കർത്താവിൽ വസിച്ചു എന്ന് ഈ ലേഖനത്തിൽ ഉടനീളം നാം കാണുന്നത്.

**Col 1: 9** *അതുകൊണ്ടു ഞങ്ങൾ അതു കേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു.*

**Col 2: 9** *അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു.*

**Col1: 27** *അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നേ.*

God proclaim this Message- ഈ മർമ്മത്തിന്റെ മഹിമാധനം -with all its glorious riches- ജാതികളോടറിയിക്കുന്നു.

നമ്മെ ഓരോരുത്തരെയും ദൈവം ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നു.

ഒരു കാലത്ത് എല്ലാ വെളിപ്പാടും ലഭിച്ചത് യഹൂദാജാതിക്കായിരുന്നു.

**Rom 2: 17** *നീയോ യെഹൂദൻ എന്നു പേർകൊണ്ടും ന്യായപ്രമാണത്തിൽ ആശ്രയിച്ചും...*

**Rom 3: 1- 2** *എന്നാൽ യെഹൂദനു എന്തു വിശേഷത? അല്ല, പരിച്ഛേദനയാൽ എന്തു പ്രയോജനം? സകലവിധത്തിലും വളരെ ഉണ്ടു; ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ.*

**Rom 9: 4** *അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ.*

എന്നാൽ ഇന്ന് ദൂരസ്ഥരായ ജാതികൾക്കും ഈ രഹസ്യം നൽകപ്പെട്ടിരിക്കുന്നു.

**Eph 2: 13** *മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു.*

ഒരിക്കൽ പ്രത്യാശയില്ലായിരുന്ന ജാതികൾ ഇന്നു പ്രത്യാശയാൽ നിറയപ്പെട്ടിരിക്കുന്നു.

fleettech@gmail.com

www.gospelinmalayalam.com

Glorious hope - Christ in you

ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു. The hope of glory

നാം ക്രിസ്തുവിൽ ഇരിക്കുന്നു. In Christ

**2Cor 5: 17** *ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു.*

**Eph 1: 4** *നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോക സ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും...*

We are in Christ & Christ is in us (Rom 8: 10, 2Cor 13: 5)

ക്രിസ്തു മുഖാന്തരം നാം ക്രിസ്തുവിനോടുകൂടെ share ചെയ്യാൻ പോകുന്ന Glory ക്കായി നോക്കി പാർക്കുന്നു.

**Col 3: 4** **നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.**

**Rom 5: 2** *നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു.*

**Rom 8: 18** *നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു.*

**2Cor 4: 17** *നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു.*

**Gal 5: 5** *ഞങ്ങളോ വിശ്വാസത്താൽ നീതി ലഭിക്കും എന്നുള്ള പ്രത്യാശനിവൃത്തിയെ ആത്മാവിനാൽ കാത്തിരിക്കുന്നു.*

**1Pet 5: 10** *എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും.*

**Rom 8: 24** *പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു: കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല; ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നതു എന്തിനു?*

**Col 1: 28- 29 Perfection in Christ**

**Col 1: 28- 29** *അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന്നു ഏതു മനുഷ്യനെയും പ്രബോധിപ്പിക്കയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിന്നായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്കു ഒത്തവണ്ണം പോരാടിക്കൊണ്ടു അദ്ധ്വാനിക്കുന്നു.*

ക്രിസ്തുവിൽ തികഞ്ഞവനായി നിർത്തുക.

Not to remain as babies all their life. (1Cor 3:1-12)

**Heb 5: 11- 14** (To become spiritually mature) *ഇതിനെക്കുറിച്ചു ഞങ്ങൾക്കു വളരെ പറവാനുണ്ടു; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ടു തെളിയിച്ചുതരുവാൻ വിഷമം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നേ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു. പാൽ കുടിക്കുന്നവൻ എല്ലാം നീതിയുടെ വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു.*

fleettech@gmail.com

www.gospelinmalayalam.com

**1Thess 5: 23** (For complete sanctification of believers) *സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ.*

Fullness of the gospel

**John 10: 10** *മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു.*

ക്രിസ്തുവിൽ തികഞ്ഞവരായി ഈ സകല വിശ്വാസികളെയും നിർത്തുന്നതിനുള്ള ശ്രമം വി.പൗലൂസിനെ അത്യധികം വേലയിൽ വ്യാപൃതനായി.

**1Cor 15: 10, 58** *എങ്കിലും ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരെക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു; എന്നാൽ ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രെ.*

*ആകയാൽ എന്റെ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ.*

**1Thess 1: 3** *നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു.*

കുറെയൊന്നും അധ്വാനം അല്ല വി.പൗലൂസ് ചെയ്തത്. It was a life long struggle.

**Col 2: 1** *നിങ്ങൾക്കും ലവുദിക്യയിലുള്ളവർക്കും ജഡത്തിൽ എന്റെ മുഖം കണ്ടിട്ടില്ലാത്ത എല്ലാവർക്കും വേണ്ടി,*

Col **4: 12** *നിങ്ങളിൽ ഒരുത്തനായി ക്രിസ്തുയേശുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചൊക്കെയും പൂർണ്ണനിശ്ചയമുള്ളവരുമായി നിൽക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു.*

ഒരു Athlete നെപോലെ തന്നെ ഓടേണ്ടിവന്നു.

**1Cor 9: 25** *അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിനു തന്നേ.*

**1Tim 6: 12** *വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ പിടിച്ചുകൊൾക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകെ നല്ല സ്വീകാരം കഴിച്ചുവല്ലോ.*

ഇതിനുള്ള ശക്തി ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെ ലഭിച്ചു.

**Phil 4: 13** *എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു.*

fleettech@gmail.com